# എടിഎ കാർനെറ്റിന്റെ സാധ്യതകൾ: ഫിക്കി ശിൽപശാല രണ്ടിന്

കോഴിക്കോട്: വിദേശ രാജ്യങ്ങളിലേക്ക് ഡ്യൂട്ടി ഫ്രീ കയറ്റുമതി - ഇറക്കുമതി സൗകര്യങ്ങൾ സംബന്ധിച്ച് 'എടിഎ കാർനെറ്റ്' എന്ന വിഷയത്തിൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (ഫിക്കി) കേന്ദ്ര ധനകാര്യ, വാണിജ്യ മന്ത്രാലയങ്ങളുമായി സഹകരിച്ച് ശില്പശാല സംഘടിപ്പിക്കുന്നു.

ഡിസംബർ രണ്ടിന് രാവിലെ പത്ത് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോഴിക്കോട് താജ് ഗേറ്റ്വേ ഹോട്ടലിൽ നടക്കുന്ന ശില്പശാലയിൽ വിദേശ രാജ്യങ്ങളിലേക്ക് ഡ്യൂട്ടി ഫ്രീ കയറ്റുമതി- ഇറക്കുമതി സൗകര്യങ്ങൾ സംബന്ധിച്ച് വിദഗ്ദ്ധർ ക്ളാസുകൾ നയിക്കും.

എടിഎ കാർനെറ്റ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിവിധ വസ്തുക്കൾ ഡ്യൂട്ടിയടക്കാതെ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും കഴിയുന്ന സാധ്യതകൾ സംബന്ധിച്ച വിവിധ വശങ്ങൾ ചർച്ചയാകും. ശിൽപശാലയിൽ പങ്കെടുക്കാൻ മുൻകൂട്ടി രജിസ്ട്രേഷൻ വേണം. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് : 0484-4058041 / 42, 09746903555. renjith.r@ficci.com

# ഫിക്കി ശിൽപശാല രണ്ടിന്

കോഴിക്കോട് : വിദേശ രാജ്യങ്ങളിലേക്ക് ഡ്യൂട്ടി ഫ്രീ കയറ്റുമതി - ഇറക്കുമതി സൗകര്യങ്ങൾ സംബന്ധിച്ച് 'എടിഎ കാർനെറ്റ്' എന്ന വിഷയത്തിൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (ഫിക്കി) കേന്ദ്ര ധനകാര്യ, വാണിജ്യ മന്ത്രാലയങ്ങളുമായി സഹകരിച്ച് ശില്പശാല സംഘടിപ്പിക്കുന്നു. ഡിസംബർ 2 ന് രാവിലെ പത്ത് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോഴിക്കോട് താജ് ഗേറ്റ്വേ ഹോട്ടലിൽ നടക്കുന്ന ശില്പശാലയിൽ വിദേശ രാജ്യങ്ങളിലേക്ക് ഡ്യൂട്ടി ഫ്രീ കയറ്റുമതി- ഇറക്കുമതി സൗകര്യങ്ങൾ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും.

എ ടി എ കാർനെറ്റ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിവിധ വസ്തുക്കൾ ഡ്യൂട്ടിയടക്കാതെ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും കഴിയുന്ന സാധ്യതകൾ സംബന്ധിച്ച വിവിധ വശങ്ങൾ ചർച്ചയാകും. ശിൽപശാലയിൽ പങ്കെടുക്കാൻ മുൻകൂട്ടി രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് : 0484-4058041 / 42, 09746903555. renjith.r@ficci.com

# ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളത്തിനു നേട്ടം

**റാങ്കിംഗിൽ നേട്ടം കൈവരിക്കാനായതു സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപമെത്താൻ സഹായിക്കുമെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ വിലയിരുത്തി.**

**കൊച്ചി:** 2024ലെ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ പ്രകാരം പുറത്തുവിട്ട ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളത്തിന് വീണ്ടും മികച്ച നേട്ടം. ഫാസ്റ്റ് മൂവേഴ്സ് വിഭാഗത്തിൽ ടോപ്പ് അച്ചീവർ സ്ഥാനത്താണു കേരളം. 99.3 ശതമാനം എന്ന മികച്ച സ്കോർ നേടിയാണു കേരളം ഈ നേട്ടത്തിലെത്തിയത്.

നിർദേശിക്കപ്പെട്ട 34 പരിഷ്കരണമേഖലകളിൽ 30 എണ്ണവും വിജയകരമായി നടപ്പാക്കാൻ കേരളത്തിനു സാധിച്ചു. ഇതിൽ നാലു മേഖലകളിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടാനും കഴിഞ്ഞു.

റാങ്കിംഗിൽ നേട്ടം കൈവരിക്കാനായതു സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപമെത്താൻ സഹായിക്കുമെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ വിലയിരുത്തി. ഭരണനിർവഹണം, സുതാര്യത, നിക്ഷേപകർക്കുള്ള സൗകര്യങ്ങൾ എന്നിവയിൽ സംസ്ഥാനം കൈവരിച്ച മികച്ച പുരോഗതിയാണ് ഈ റാങ്കിംഗ് പ്രതിഫലിപ്പിക്കുന്നതെന്ന് ഫിക്കി വിലയിരുത്തി. 22 സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിത പ്രവർത്തനമാണു കേരളത്തിന്റെ ഈ മുന്നേറ്റത്തിനു പിന്നിലെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വി.പി. നന്ദകുമാർ പറഞ്ഞു.

സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി, ഹൈടെക് നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള എംഎസ്എംഇ മിഷൻ 1000 സ്കെയിൽ-അപ്പ് മിഷൻ, വിവിധ സുസ്ഥിരതാ കാമ്പയിനുകൾ എന്നിവയെല്ലാം റാങ്കിംഗിൽ ഗുണകരമായെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ കോ-ചെയർമാൻ തോമസ് ജോൺ ചൂണ്ടിക്കാട്ടി.